REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 02-12-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു നാളെ തിരുവനന്തപുരത്ത് നാവികസേനാ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും.
- ദിത്വ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്ക് ഓപ്പറേഷൻ സാഗർ ബന്ധു പ്രകാരം എല്ലാ സഹായവും ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പിന് ഒരാഴ്ച ശേഷിക്കെ സ്ഥാനാർത്ഥികളും മുന്നണികളും ആവേശ പ്രചാരണത്തിൽ.
- ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 40 ലക്ഷത്തോളമായതായി സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.
- കാശി-തമിഴ് സംഗമത്തിന് ഇന്ന് വാരണാസിയിൽ തുടക്കം.
- ശബരിമലയിൽ വൻ ഭക്തജന തിരക്ക്.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു നാളെ തിരുവനന്തപുരത്ത് നാവികസേനാ ദിനാഘോഷത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കും. പരിപാടിയുടെ ഒരുക്കങ്ങൾ തിരുവനന്തപുരത്ത് പൂർത്തിയായി. ആഘോഷ പരിപാടികൾക്ക് മുന്നോടിയായി ശംഖുമുഖം ബീച്ചിലെ പൂർണ്ണ ഡ്രസ്സ് റിഹേഴ്സൽ ജന പങ്കാളിത്തത്താൽ ശ്രദ്ധേയമായി.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി....

......(വോയ്സ്)......

✪✪✪

ദിത്വ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയ്ക്ക് ഓപ്പറേഷൻ  സാഗർ ബന്ധു പ്രകാരം എല്ലാ സഹായവും ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രീലങ്കൻ പ്രസിഡന്റ് അനുര കുമാര ദിസ്സ നായകയെ അറിയിച്ചു. ഇന്നലെ ടെലിഫോണിൽ സംസാരിക്കവെയാണ് പ്രധാനമന്ത്രി ഇന്ത്യയുടെ സഹായം വാഗ്ദാനം ചെയ്തത്. പുനരധിവാസ പ്രവർത്തനങ്ങളും പൊതു സേവനങ്ങളും പുനരാരംഭിക്കുമ്പോഴും ഉപജീവന മാർഗങ്ങൾ പുനഃസ്ഥാപിക്കുമ്പോഴും തുടർച്ചയായ സഹായം ഇന്ത്യ ലഭ്യമാക്കുമെന്ന് നരേന്ദ്രമോദി പറഞ്ഞു. രക്ഷാ സംഘങ്ങളെയും ദുരിതാശ്വാസ സാമഗ്രികളെയും വേഗത്തിൽ വിന്യസിച്ച ഇന്ത്യയെ അഭിനന്ദിച്ച ദിസ്സ നായകെ, ഇന്ത്യ നൽകിയ സഹായത്തിന് നന്ദി അറിയിച്ചു.

ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ ജീവഹാനിയിലും, നാശനഷ്ടങ്ങളിലും പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചനം അറിയിച്ചു. ആവശ്യമായ സമയത്ത് ലങ്കൻ ജനതയ്ക്ക് ഇന്ത്യയുടെ ഉറച്ച പിന്തുണയും ഐക്യദാർഢ്യവും ഉണ്ടാകുമെന്നും നരേന്ദ്രമോദി വ്യക്തമാക്കി.

✪✪✪

ശ്രീലങ്കയിൽ ചുഴലിക്കാറ്റ് ദുരന്തത്തിൽ കഷ്ടപ്പെടുന്നവർക്ക് 'ഓപ്പറേഷൻ സാഗർ ബന്ധു' വിന്റെ ഭാഗമായി വ്യോമസേനയുടെ മാനുഷിക സഹായം തുടർച്ചയായ നാലാം ദിവസവും തുടരുന്നു.  5,860 കിലോഗ്രാം സാധനങ്ങളും ദുരിതാശ്വാസ വസ്തുക്കളും എത്തിച്ചു. കോട്മലയിലും ഇംഗുരുവട്ടയിലും കുടുങ്ങിക്കിടക്കുന്ന 21 കുട്ടികൾ ഉൾപ്പെടെ 91 പേരെ ഹെലികോപ്റ്ററുകളിൽ രക്ഷപ്പെടുത്തി.

✪✪✪

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പിന് ശേഷിക്കുന്നത് ഒരാഴ്ച മാത്രം. ഗ്രാമങ്ങളിലും, നഗരങ്ങളിലും വോട്ടുറപ്പിക്കാൻ വാശിയേറിയ പ്രചാരണ പ്രവർത്തനങ്ങളിലാണ് സ്ഥാനാർത്ഥികളും മുന്നണികളും. റോഡ്ഷോകൾ, വാഹന റാലികൾ, വാർഡുതല കുടുംബസംഗമങ്ങൾ എന്നിവയുമായി പ്രചാരണ രംഗം കൂടുതൽ മുറുകിയിരിക്കുകയാണ്. സാമൂഹിക മാധ്യമങ്ങളിലൂടെ വ്യത്യസ്ത റീലുകൾ ഇറക്കി വോട്ടർമാരുടെ മനസ്സിൽ ഇടം നേടാനാണ് സ്ഥാനാർത്ഥികളുടെ ശ്രമം.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)...

സംസ്ഥാനത്ത് 75,644 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്. ഇതിൽ 52.36 ശതമാനം വനിതകളാണ്. 39,609 സ്ത്രീകളും, 36,034 പുരുഷൻമാരും, ഒരു ട്രാൻസ്ജെൻഡറുമാണ് മത്സരിക്കുന്നത്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലെ പോത്തൻകോട് വാർഡിലാണ് ട്രാൻസ്ജെൻഡർ സ്ഥാനാർത്ഥി.

ഗ്രാമപഞ്ചായത്ത് തലത്തിൽ 29,262 സ്ത്രീ സ്ഥാനാർത്ഥികളും 26,168 പുരുഷ സ്ഥാനാർത്ഥികളും ഉണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ 3,583 സ്ത്രീകളും, 3,525 പുരുഷൻമാരും മത്സരിക്കുന്നു. ജില്ലാ പഞ്ചായത്തിലേക്ക് 672 പുരുഷൻമാരും 602 സ്ത്രീകളുമാണ് സ്ഥാനാർത്ഥികൾ. മുനിസിപ്പാലിറ്റികളിൽ 5,221 വനിതകളും, 4,810 പുരുഷന്മാരുമുണ്ട്.

കോർപ്പറേഷനുകളിൽ 941 സ്ത്രീകളും 859 പുരുഷന്മാരുമാണ് മത്സരിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷനിലെ പേട്ട വാർഡിലാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്ഥാനാർത്ഥികൾ മത്സരിക്കുന്നത് - 11 പേർ.

✪✪✪

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണത്തിന്റെ ഭാഗമായി ഇന്നലെ വൈകിട്ട് വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 40 ലക്ഷത്തോളമായതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 85.82 ശതമാനമാണിത്.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം 12 ലക്ഷത്തി 40,715 ആയി ഉയർന്നതായും അദ്ദേഹം പറഞ്ഞു. ഇത് കൃത്യമായ കണക്കല്ലെന്നും എല്ലാ BLO മാരും മുഴുവൻ ഡേറ്റയും ഡിജിറ്റൈസ് ചെയ്തിട്ടില്ലെന്നും യഥാർത്ഥ കണക്ക് ഇതിലും കൂടുമെന്നും അദ്ദേഹം അറിയിച്ചു. ഫോമുകൾ സ്വീകരിക്കാനും അപ്‌ലോഡ് ചെയ്യാനും സജ്ജമാക്കിയ ക്യാമ്പുകൾ ഇന്നും തുടരും.

✪✪✪

BLO മാർ വോട്ടർമാരുടെ എനുമറേഷൻ ഫോമുകൾ ഡേറ്റാ എൻട്രി ചെയ്യുമ്പോൾ ഫോൺ നമ്പർ ചേർക്കാതിരുന്നാൽ വോട്ടർ പട്ടികയിൽ നിന്ന് ഒഴിവാക്കപ്പെടുമെന്നത് വ്യാജ പ്രചാരണമാണെന്ന് ഏറനാട് തഹസിൽദാർ അറിയിച്ചു. തെറ്റായ സന്ദേശങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്നും തഹസിൽദാർ അറിയിച്ചു.

✪✪✪

ഡൽഹി സ്ഫോടനക്കേസിലെ അന്വേഷണത്തിന്റെ ഭാഗമായി ജമ്മു കശ്മീരിലെയും ഉത്തർപ്രദേശിലെയും വിവിധ സ്ഥലങ്ങളിൽ ദേശീയ അന്വേഷണ ഏജൻസി പരിശോധന നടത്തി. ജമ്മു കശ്മീരിലെ ഷോപ്പിയാൻ, കുൽഗാം, പുൽവാമ, അവന്തിപുര ജില്ലകളിൽ എട്ടിടത്തും, ലഖ്നൗവിലെ ഒരിടത്തും ഇന്നലെ റെയ്ഡ് നടത്തിയതായി NIA അറിയിച്ചു. പരിശോധനയിൽ ഡിജിറ്റൽ ഉപകരണങ്ങളും നിയമവിരുദ്ധ സാമഗ്രികളും പിടിച്ചെടുത്തതായി NIA വ്യക്തമാക്കി.

✪✪✪

RBI എക്സിക്യൂട്ടീവ് ഡയറക്ടറായി ഉഷ ജാനകിരാമനെ നിയമിച്ചു. മുംബൈയിൽ റെഗുലേഷൻ വകുപ്പിന്റെ Chief general manager in charge ആയിരിക്കെയാണ് പുതിയ നിയമനം.

✪✪✪

കാശി-തമിഴ് സംഗമത്തിന്റെ നാലാം പതിപ്പ് കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാനും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും ഇന്ന് വാരണാസിയിൽ ഉദ്ഘാടനം ചെയ്യും. റെയിൽവേ, സാംസ്കാരികം, ടൂറിസം, ടെക്സ്റ്റൈൽസ്, യുവജനകാര്യം, കായികം എന്നിവയുൾപ്പെടെ പത്ത് കേന്ദ്ര മന്ത്രാലയങ്ങളുടെയും ഉത്തർപ്രദേശ് ഗവണ്മെന്റിന്റെയും പങ്കാളിത്തത്തോടെ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയമാണ് സാംസ്കാരിക-വിദ്യാഭ്യാസ സംഗമം സംഘടിപ്പിക്കുന്നത്.

കാശിയും തമിഴ്നാടും തമ്മിലെ നൂറ്റാണ്ടുകൾ പഴക്കംചെന്ന ബന്ധത്തിന്റെ പുതിയ ആഘോഷമാണ് കാശി - തമിഴ് സംഗമം.

✪✪✪

മൊബൈൽ ഫോണുകളുടെ ആധികാരികത പരിശോധിക്കാൻ സഞ്ചാർ സാഥി അപ്ലിക്കേഷൻ, ഫോണുകളിൽ മുൻകൂട്ടി ഇൻസ്റ്റാൾ ചെയ്യാൻ കേന്ദ്രഗവണ്മെന്റ് നിർദേശം നൽകി. ഇന്ത്യയിൽ നിർമിക്കുന്നതോ ഇറക്കുമതി ചെയ്യുന്നതോ ആയ എല്ലാ മൊബൈൽ ഫോണുകൾക്കും ഇത് ബാധകമാണ്. മുൻകൂട്ടി ഇൻസ്റ്റാൾ ചെയ്ത സഞ്ചാർ സാഥി അപ്ലിക്കേഷൻ, ഫോൺ ഉപയോഗിച്ച് തുടങ്ങുന്ന സമയത്തുതന്നെ ഉപയോക്താക്കൾക്ക് ലഭ്യമാക്കണമെന്നും നിർദേശത്തിൽ പറയുന്നു.

നിലവിലെ ഫോണുകളിൽ സോഫ്റ്റ്വെയർ അപ്ഡേറ്റുകളിലൂടെ അപ്ലിക്കേഷൻ ലഭ്യമാക്കാനും നിർദേശമുണ്ട്. 90 ദിവസത്തിനകം നടപടി പൂർത്തീകരിച്ച് 120 ദിവസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ ടെലി കമ്യൂണിക്കേഷൻസ് വകുപ്പ്, മൊബൈൽ നിർമാതാക്കളോട് ആവശ്യപ്പെട്ടു.

✪✪✪

ശബരിമലയിൽ ഭക്തജന തിരക്ക് വർദ്ധിച്ചു. ഇന്നലെ തീർത്ഥാടകരുടെ എണ്ണം 80,000 കവിഞ്ഞു. 80,328 പേരാണ് ഇന്നലെ മല ചവിട്ടിയത്. മണ്ഡല-മകരമാസം 16 ദിവസം പിന്നിടുമ്പോൾ ദർശനത്തിനെത്തിയ ഭക്തരുടെ എണ്ണം 13 ലക്ഷത്തി 36,388 ആയി.

✪✪✪

റോക്കറ്റ് സയൻസിൽ ആഭ്യന്തരമായി വികസിപ്പിച്ച സാങ്കേതികവിദ്യകളിലൂടെ 30 വർഷമായി ഇന്ത്യ ഏറെ മുന്നേറിയെന്ന് ISRO ചെയർമാൻ ഡോ. V നാരായണൻ കൊല്ലത്ത് പറഞ്ഞു. TKM ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വജ്ര ജൂബിലി ആഘോഷവും മെറിറ്റ് ഡേയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്ത്യ കുറഞ്ഞ ചെലവിൽ വിക്ഷേപണ സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിന്റെ അംഗീകാരമായാണ് US വാർത്താ വിനിമയ ഉപഗ്രഹം ഈ മാസം വിക്ഷേപിക്കുന്നതെന്ന് V.നാരായണൻ അറിയിച്ചു.

✪✪✪

ദേശീയ കടുവ സെൻസസിന്റെ ഭാഗമായി നിലമ്പൂർ വനമേഖലയിൽ കടുവകളുടെ കണക്കെടുപ്പ് തുടങ്ങി. വഴിക്കടവ് റെയ്ഞ്ചിലെ നെല്ലിക്കുത്ത് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിലാണ് പരിശീലനം ലഭിച്ച വനപാലകർ കണക്കെടുപ്പ് ആരംഭിച്ചത്. ഓരോ ഫോറസ്റ്റ് സ്റ്റേഷനുകളെയും വിവിധ ബ്ലോക്കുകളായി തരംതിരിച്ചാണ് കണക്കെടുപ്പ്.

✪✪✪

ഈ മാസത്തെ വൈദ്യുതി ബില്ലിൽ ഇന്ധന സർചാർജ് കുറയുമെന്ന് KSEB അറിയിച്ചു. പ്രതിമാസം ബിൽ ലഭിക്കുന്ന ഉപഭോക്താക്കൾക്ക് യൂണിറ്റിന് 5 പൈസയും രണ്ടു മാസത്തിലൊരിക്കൽ ബിൽ ലഭിക്കുന്ന ഉപഭോക്താക്കൾക്ക് യൂണിറ്റിന് 8 പൈസയുമാണ് കുറയുക. സെപ്റ്റംബർ മുതൽ നവംബർ വരെ യൂണിറ്റിന് 10 പൈസയായിരുന്നു ഇന്ധന സർചാർജ്.

✪✪✪

ശനിയാഴ്ച അന്തരിച്ച കാനത്തിൽ ജമീല MLA യുടെ ഭൗതിക ദേഹം രാവിലെ CPIM കോഴിക്കോട് ജില്ലാ കമ്മറ്റി ഓഫിസിലും, കൊയിലാണ്ടി ടൗൺ ഹാളിലും പൊതുദർശനത്തിന് വെയ്ക്കും. വൈകിട്ട് അത്തോളി കുനിയിൽ കടവ് ജുമാമസ്ജിദ് ഖബർസ്ഥാനിൽ ഖബറടക്കും.

രാഷ്ട്രീയ സാമൂഹിക രംഗത്തെ നിരവധി പേർ വീട്ടിലെത്തി കുടുംബാഗങ്ങളെ ആശ്വസിപ്പിച്ചിരുന്നു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA യ്ക്കെതിരെ ലൈംഗിക പീഡന പരാതി നൽകിയ യുവതിയെ അപമാനിച്ചെന്ന കേസിൽ രാഹുൽ ഈശ്വറിനെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. തിരുവനന്തപുരം അഡീഷണൽ CJM കോടതിയുടേതാണ് തീരുമാനം.

✪✪✪

വണ്ടൂർ തിരുവാലി പഞ്ചായത്തിലെ നടുവത്ത് കൂറ്റൻപാറ ഇക്കോ ടൂറിസം പദ്ധതിക്ക് ഭരണാനുമതിയായി. വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന അഡ്മിനിസ്ട്രേറ്റീവ് യോഗത്തിലാണ് തീരുമാനം.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പ് ബോധവൽക്കരണ പരിപാടിയായ ലീപ് ഇടുക്കിയും ജില്ലാ ശുചിത്വ മിഷനും സംയുക്തമായി രണ്ടാമത് യൂത്ത് വോട്ടിംഗ് ഫെസ്റ്റിവൽ, ഇന്ന് ഇടുക്കി കുട്ടിക്കാനം മരിയൻ കോളേജിൽ സംഘടിപ്പിക്കും. വോട്ട് ചെയ്യേണ്ടതിന്റെ പ്രാധാന്യം, തിരഞ്ഞെടുപ്പ് പ്രക്രിയ, ജനാധിപത്യ മൂല്യങ്ങൾ, ഉത്തരവാദിത്വ പൗരത്വം എന്നിവയെപ്പറ്റി യുവാക്കൾക്കിടയിൽ ബോധവത്കരണമാണ് പരിപാടിയുടെ ലക്ഷ്യം.

✪✪✪

നിയമസഭാ സമുച്ചയത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ നാലാം പതിപ്പിനോട് അനുബന്ധിച്ച് ഓൺലൈൻ മത്സരങ്ങളുടെ എൻട്രികൾ സമർപ്പിക്കേണ്ട അവസാന തീയതി വെള്ളിയാഴ്ച വരെ നീട്ടി. അടുത്ത മാസം ഏഴു മുതൽ 13 വരെയാണ് പുസ്തകോത്സവം.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: ഹബീബ് റഹ്മാൻ*
*DEO: ഷീബ*